## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :415 29.06.2016 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ നയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. രാജൻ: | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 25.11.2013-ലെ സർക്കാർ ഉത്തരവ് (പി).നം. 49/2013/പി.ഡി പ്രകാരം സംസ്ഥാനത്ത് സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട് |
| (ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ; | (ബി) | സൗരോർജ്ജ നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) സംസ്ഥാനത്തിലെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017 ൽ 500 മെഗാവാട്ടും 2030 ൽ 2500 മെഗാവാട്ടും ആയി വർദ്ധിപ്പിക്കുക.<br>(2) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.<br>(3) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തുക.<br>(4) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>(5) ഈ മേഖലകളിൽ പുതിയ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക. |
| (സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) | സൗരോർജ്ജ നയമനുസരിച്ച് 2017 ഓടെ 500 മെഗാവാട്ടും 2030 ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനാണ് പ്രസ്തുത നയത്തിൽ ലക്ഷ്യമിട്ടിരുന്നത്. നിലവിൽ 241 MW വരുന്ന പദ്ധതികളാണ് നിർമ്മാണം നടക്കുന്നത്. |
| (ഡി) തൃശ്ശൂർ ജില്ലയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ